(സി) റവന്യൂ വിജിലൻസ് വിഭാഗം നിലവിൽ വന്നതിനുശേഷം വകുപ്പു തലത്തിൽ 2449 പരാതികളിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇത്തരം കേസുകളൊന്നുംതന്നെ കോടതിയിൽ നിലവിലില്ല.

ഭവനനിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ

20 (*260) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭവനനിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര പ്രാവശ്യം നടപ്പിലാക്കി ; മൊത്തം ഇതുവരെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) ഇക്കാലത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

I. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

1. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി
2. സുരക്ഷാ ഭവന പദ്ധതി
3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം (അത്താണി ഭവനപദ്ധതി)
4. സുനാമി പുനരധിവാസ പദ്ധതി
5. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

6. പട്ടികജാതി വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി

മേൽ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

II. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

ഭവനനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2,200 ലക്ഷം രൂപ പദ്ധതി വിഹിതമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും ആശ്രയകേന്ദ്രമായ കലവറ-കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിതരണ കേന്ദ്രം ജില്ലകൾതോറും ആരംഭിച്ചു. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുകയും പ്രവർത്തനരഹിതമായിരുന്ന ഉൽപ്പാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുകയും ചെയ്തു. നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനശാലകൾ ആരംഭിച്ചു.

വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ സമൂഹത്തിൽ താഴെ തട്ടിലുള്ള മൂവായിരത്തിൽപ്പരം കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു നടപ്പിലാക്കുകയും ദുർബ്ബലരും നിർദ്ധനരുമായ വ്യക്തികൾക്ക് സൗജന്യമായി വീടുവച്ചു നൽകുകയും ചെയ്തു. പ്രശസ്ത വാസ്തുശില്പി പത്മശ്രീ. ഡോ. ലാറിബേക്കറിന്റെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള കെട്ടിട നിർമ്മാണ സാങ്കേതിക പഠന ഗവേഷണ കേന്ദ്രം (ലാബിഷാസ്) ആരംഭിച്ചു.

III. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഇ.എം.എസ്. ഭവനപദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 7-2-2004 മുതൽ ഭവനനിർമ്മാണ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 14 തവണ നടപ്പാക്കി. ടി പദ്ധതി ഏറ്റവും ഒടുവിൽ 30-6-2011 വരെ ദീർഘിപ്പിച്ചിരിക്കുകയാണ്. മൊത്തം ഇതുവരെ 59330 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) ഇന്ത്യയിലാദ്യമായി കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് മാത്രമായുള്ള ന്യായവില വിപണന കേന്ദ്രം (കലവറ) ആരംഭിച്ചു. മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി മണൽ കലവറകളും ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾക്കായി ഉൽപ്പാദന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly